ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം
പ്രാദേശിക വാർത്തകൾ

TIME: 12.30 PM DATE:31.07.2026

## പ്രധാനവാർത്തകൾ

1. വിവിധ വിഷയങ്ങളിലെ പ്രതിപക്ഷ പ്രതിഷേധത്തെ തുടർന്ന് പാർലമെന്റിൽ ഇന്നും നടപടികൾ തടസ്സപ്പെട്ടു. ഇരുസഭകളും തിങ്കാളാഴ്ചത്തേക്ക് പിരിഞ്ഞു.

2. രാജ്യത്ത് ലഹരിക്കെതിരെ യുവജനങ്ങളെ അണിനിരത്തുന്ന നശാ മുക്ത് പ്രചാരണ പരിപാടിക്ക് മറ്റെന്നാൾ തുടക്കമാകും.

3. മുത്തങ്ങ സമരത്തിനിടെ പോലീസ് ഉദ്യോഗസ്ഥൻ കൊല്ലപ്പെട്ട കേസിൽ മുഴുവൻ പ്രതികളേയും വയനാട് പ്രിൻസിപ്പൽ ജില്ലാ സെഷൻസ് കോടതി വെറുതെ വിട്ടു.

4. 52 ദിവസത്തെ ട്രോളിങ്ങ് നിരോധനം ഇന്ന് അർദ്ധരാത്രി അവസാനിക്കും. തീരദേശത്ത് ഇനി പ്രതീക്ഷയുടെ ചാകരക്കാലം.

5. സംസ്ഥാനത്ത് ഞായറാഴ്ച വരെ ശക്തമായ മഴ തുടരും. 11 ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത. കേരളം, കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.

6. കോമൺവെൽത്ത് ഗെയിംസ് ജാവ് ലിൻ ത്രോയിൽ മെഡൽ പ്രതീക്ഷയുമായി നീരജ് ചോപ്ര ഇന്നിറങ്ങും.

&&&&&&&&&&&&&&&&

RNU TVPM

## പാർലമെൻറ്

വിവിധ വിഷയങ്ങളിലെ പ്രതിപക്ഷ പ്രതിഷേധത്തെ തുടർന്ന് പാർലമെന്റിൽ ഇന്നും നടപടികൾ തടസ്സപ്പെട്ടു. ഇരുസഭകളും തിങ്കാളാഴ്ചത്തേക്ക് പിരിഞ്ഞു. ജനങ്ങളുടെ പ്രശ്നം ചർച്ച ചെയ്യാനാണ് പാർലമെന്റ് അംഗങ്ങളെ തിരഞ്ഞെടുത്തിരിക്കുന്നതെന്നും സഭാ നടപടികളുമായി സഹകരിക്കണമെന്നും കേന്ദ്രമന്ത്രി കിരൺ റിജിജു ലോക്സഭയിൽ പറഞ്ഞു. എന്നാൽ ബഹളം തുടർന്ന സാഹചര്യത്തിൽ സഭ നിർത്തിവക്കുന്നതായും തിങ്കളാഴ്ച വീണ്ടും ചേരുമെന്നും സഭാധ്യക്ഷൻ അറിയിച്ചു.

&&&&&&&&&&&&&&&&&&&&

## പി.എം - നശാ മുക്ത്

ലഹരിക്കെതിരായ നശാ മുക്ത് യുവ ഫോർ വികസിത് ഭാരത് പ്രചാരണ പരിപാടി പ്രധാനമന്ത്രി നരേന്ദ്ര മോദി മറ്റെന്നാൾ ഉദ്ഘാടനം ചെയ്യും. മൈ ഭാരത് പ്ലാറ്റ്ഫോമിന്റെ നേതൃത്വത്തിൽ രാജ്യവ്യാപകമായി 100 ആഴ്ച നീളുന്ന പരിപാടിയാണ് നടക്കുന്നത്. ഒരു കോടിയിലധികം പേർ ഉദ്ഘാടന ചടങ്ങിൽ പങ്കെടുക്കുമെന്ന് കേന്ദ്രമന്ത്രി മൻസുഖ് മാണ്ഡവ്യ അറിയിച്ചു.

RNU TVPM

&&&&&&&&&&&&&&&&&&&&

## പി.എം.ശ്രീ - കേരളം

പി എം ശ്രീ വിഷയത്തിൽ കഴിഞ്ഞ സർക്കാർ ഏക പക്ഷിയമായി ഒപ്പുവെച്ച കരാർ സൃഷ്ടിച്ച പ്രതിസന്ധി പരിഹരിക്കാനാണ് ശ്രമിക്കുന്നതെന്ന് മന്ത്രി എൻ ഷംസുദീൻ. സംസ്ഥാന സർക്കാരിന് കരാറിൽ നിന്ന് ഏകപക്ഷീയമായി പിൻമാറാൻ സാധിക്കില്ല. ഉപസമിതി അന്തിമ റിപ്പോർട്ട് ആയിട്ടില്ലെന്നും ഒരു തവണ കൂടി യോഗം ചേരുമെന്നും അദ്ദേഹം കോഴിക്കോട് മാധ്യമങ്ങളോട് പറഞ്ഞു.

&&&&&&&&&&&&&&&&&&&&

## ആരോഗ്യശാസ്ത്ര സർവകലാശാല

കേരള ആരോഗ്യശാസ്ത്ര സർവകലാശാലയുടെ നാല് പുതിയ പദ്ധതികൾക്ക് ഇന്ന് തുടക്കമാകും. സർവകലാശാല പ്രോ ചാൻസലർ കൂടിയായ മന്ത്രി കെ. മുരളീധരൻ പദ്ധതികളുടെ ഉദ്ഘാടനം നിർവഹിക്കും.കേരളത്തിൽ ആദ്യമായി ആരംഭിക്കുന്ന എം.എസ്.സി. മെഡിക്കൽ ബയോഇൻഫർമാറ്റിക്സ് കോഴ്സ്, ക്യാമ്പസിൽ ഒരുക്കിയ ഔഷധസസ്യ ഉദ്യാനത്തിന്റെ സമർപ്പണം എന്നിവ പദ്ധതികളിൽ ഉൾപ്പെടുന്നു.

&&&&&&&&&&&&&&&&

## മുത്തങ്ങ കേസ്

2003 ലെ മുത്തങ്ങ കേസിൽ പൊലീസ് ഉദ്യോഗസ്ഥനായ വിനോദ് കൊല്ലപ്പെട്ട സംഭവത്തിൽ മുഴുവൻ പ്രതികളെയും വെറുതെ വിട്ടു. വയനാട് പ്രിൻസിപ്പൽ ജില്ലാ സെഷൻസ് കോടതി മറ്റൊരു പോലീസ് ഉദ്യോഗസ്ഥൻ അബ്ദുസ്സലാമിന് പരിക്കേറ്റ സംഭവത്തിൽ നാലു പ്രതികൾ കുറ്റക്കാരെന്ന് കണ്ടെത്തി. ആദിവാസി ഗോത്ര മഹാസഭ നേതാവ് എം ഗീതാനന്ദൻ ഉൾപ്പെടെയുള്ള പ്രതികൾ കുറ്റക്കാരെന്നും കോടതി വിധിച്ചു.

RNU TVPM

&&&&&&&&&&&&&&&&

## ജയകുമാർ (ഇൻട്രോ)

ശബരിമലയിലെ ആവശ്യങ്ങൾക്ക് പുറത്തു നിന്ന് നെയ്യ് വാങ്ങേണ്ടതില്ലെന്ന് നേരത്തെ തന്നെ തീരുമാനിച്ചിരുന്നതായി തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡൻറ് കെ ജയകുമാർ. മിൽമയുടെ നെയ്യ് സംബന്ധിച്ച് പരാതികളൊന്നും ലഭിച്ചില്ലെന്നും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു. ( വോയിസ്....)

&&&&&&&&&&&&&&&&

## സൗത്ത് റെയിൽവേ-അറസ്റ്

കണ്ണൂർ സൗത്ത് റെയിൽവേ സ്റ്റേഷന് സമീപം വന്ദേഭാരത് എക്സ്പ്രസിന് കല്ലെറിഞ്ഞ കേസിൽ ഒരാൾ അറസ്റ്റിൽ. കടലായി സ്വദേശി ലിനീഷാണ് അറസ്റ്റിലായത്. ഈ മാസം 21ന് തിരുവനന്തപുരത്തേക്ക് വരികയായിരുന്ന വന്ദേഭാരതിന് നേരെയാണ് കല്ലേറ് ഉണ്ടായത്.

&&&&&&&&&&&&&&&&&

## വിമാന സർവീസുകൾ

മോശം കാലാവസ്ഥയെ തുടർന്ന് രണ്ടു വിമാനങ്ങൾ തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിലേക്ക് വഴി തിരിച്ചുവിട്ടു. മാലെ–കൊച്ചി ഇൻഡിഗോ വിമാനവും ബെംഗളൂരു - കൊച്ചി എയർ ഇന്ത്യ എക്സ്പ്രസുമാണ് വഴിതിരിച്ചു വിട്ടത്.

&&&&&&&&&&&&&&&&&

RNU TVPM

## ആദായ നികുതി റിട്ടേൺ

2025-26 സാമ്പത്തിക വർഷത്തിൽ ITR-1 , ITR-2 പ്രകാരം ആദായ നികുതി റിട്ടേൺ സമർപ്പിക്കേണ്ട, വ്യക്തിഗത നികുതിദായകർക്കുള്ള സമയ പരിധി ഇന്ന് അവസാനിക്കും. അവസാന തീയതി കഴിഞ്ഞാൽ പിഴയും, നികുതി കുടിശികയുണ്ടെങ്കിൽ പലിശയും അടക്കം ഡിസംബർ 31 വരെ ബിലേറ്റഡ് റിട്ടേൺ സമർപ്പിക്കാം.

&&&&&&&&&&&&&&&&&

## ഖാദി ഓണം മേള

ഓണം ഖാദിമേളയുടെ മലപ്പുറം ജില്ലാതല ഉദ്ഘാടനം മന്ത്രി പി. കെ. കുഞ്ഞാലിക്കുട്ടി ഇന്ന് ആദ്യ വിൽപ്പന നടത്തി നിർവ്വഹിക്കും. നഗരസഭ ചെയർപേഴ്സൺ വി. റിനിഷ അധ്യക്ഷയാവും. ഖാദി ഗ്രാമ വ്യവസായ ബോർഡിൻറെ കീഴിലെ വിൽപന കേന്ദ്രങ്ങളിൽ ഖാദി തുണിത്തരങ്ങൾക്ക് 30 ശതമാനം വരെ പ്രത്യേക റിബേറ്റ് ലഭിക്കും.

&&&&&&&&&&&&&&&&&

## റേഷൻ വിതരണം

സംസ്ഥാനത്ത് ജൂലൈ മാസത്തെ റേഷൻ വിതരണം ഇന്ന് അവസാനിക്കും. നാളെയും മറ്റെന്നാളും റേഷൻ കടകൾക്ക് അവധിയായിരിക്കും. ഓഗസ്റ്റ് മാസത്തെ റേഷൻ തിങ്കളാഴ്ച മുതൽ വിതരണം ചെയ്യും.

&&&&&&&&&&&&&&&&

## ടോക്സിക് -2026

ക്ലിനിക്കൽ ടോക്സികോളജി മേഖലയിലെ ദേശീയ കോൺഫറൻസ്- ടോക്സിക് 2026 മന്ത്രി ടി. സിദ്ധീഖ് നാളെ കോഴിക്കോട് ഉദ്ഘാടനം ചെയ്യും. ടോക്സിക്കോളജി, വിഷബാധാ ചികിത്സ തുടങ്ങിയവയിലെ ഏറ്റവും പുതിയ മാറ്റങ്ങൾ ചർച്ച ചെയ്യുന്നതിന് രാജ്യത്തിൻ്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള ആരോഗ്യപരിപാലന രംഗത്തെ വിദഗ്ധർ പങ്കെടുക്കും.

&&&&&&&&&&&&&&&&

## മഴ

സംസ്ഥാനത്ത് ഞായറാഴ്ച വരെ ഇടിമിന്നലോട് കൂടിയ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. 11 ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രതയാണ്. മറ്റ് ജില്ലകളിലും ലക്ഷദ്വീപിലും മഞ്ഞ ജാഗ്രതയും നൽകിയിട്ടുണ്ട്. കേരളം, കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ ഞായറാഴ്ച വരെ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

&&&&&&&&&&&&&&&&

## ട്രോളിംഗ് നിരോധനം (ഇൻട്രോ)

സംസ്ഥാനത്ത് 52 ദിവസം നീണ്ട ട്രോളിങ്ങ് നിരോധനം ഇന്ന് അർദ്ധരാത്രി അവസാനിക്കും. നിരോധനം അവസാനിക്കുന്ന പശ്ചാത്തലത്തിൽ മത്സ്യത്തൊഴിലാളികൾ കാലാവസ്ഥാ മുന്നറിയിപ്പുകൾ ഗൗരവമായി കാണണമെന്ന് ഫിഷറീസ് കൊല്ലം ഡെപ്യൂട്ടി ഡയറക്ടർ ശ്രീദിവ്യ നിർദേശിച്ചു.

(വോയിസ്)

RNU TVPM

&&&&&&&&&&&&&&&&&

## വള്ളം മറിഞ്ഞു മരണം

കൊല്ലം നീണ്ടകരയിൽ  മത്സ്യബന്ധനവള്ളം മറിഞ്ഞ് ഒരാൾ മരിച്ചു. മത്സ്യത്തൊഴിലാളി രാജീവനാണ് മരിച്ചത്. കാണാതായ രാധാകൃഷ്ണൻ, മകൻ ഗൗതം എന്നിവർക്കായി തെരച്ചിൽ തുടരുന്നു.14 പേരാണ്  വള്ളത്തിൽ ഉണ്ടായിരുന്നത്. അതെസമയം, തങ്കശ്ശേരിയിൽ മത്സ്യബന്ധന വള്ളം തകർന്ന്  കാണാതായ മത്സ്യത്തൊഴിലാളി പള്ളിത്തോട്ടം സ്വദേശി റോയിസണിൻറെ മൃതദേഹം കണ്ടെത്തി.

&&&&&&&&&&&&&&&&&

## വിദ്യാഭ്യാസ ശില്പശാല

ഉന്നതവിദ്യാഭ്യാസ രംഗത്തെ നയപരിഷ്കാരങ്ങൾ സംബന്ധിച്ച ജനകീയ ക്യാമ്പയിനിന്റെ ഭാഗമായി നാളെ തിരുവനന്തപുരത്ത് സംസ്ഥാന ശില്പശാല സംഘടിപ്പിക്കും. ശാസ്ത്ര സാഹിത്യ പരിഷത്ത് വിവിധ അധ്യാപക - സാമൂഹ്യ സംഘടനകളുടെ സഹകരണത്തോടെയാണ് ശില്പശാല സംഘടിപ്പിക്കുന്നത്. ശാസ്ത്ര സാഹിത്യ പരിഷത്ത് അധ്യക്ഷൻ സി. രാമകൃഷ്ണൻ ശില്പശാല ഉദ്ഘാടനം ചെയ്യും. ദേശീയ വിദ്യാഭ്യാസ നയം, വികസിത് ഭാരത് ശിക്ഷാ അധിഷ്ഠാൻ ബിൽ, കേരളത്തിലെ നാലുവർഷ ബിരുദപഠന സമ്പ്രദായം എന്നിവയെ കുറിച്ച് ചർച്ച നടക്കും.

&&&&&&&&&&&&&&&&&

## സ്നേഹിത (ഇൻട്രോ)

പോലീസ് സ്റ്റേഷനുകളിൽ സഹായം തേടിയെത്തുന്ന സ്ത്രീകൾക്കും കുട്ടികൾക്കും ആശ്രയമായി കുടുംബശ്രീ സ്നേഹിത എക്സ്റ്റൻഷൻ സെൻ്ററുകൾ. 16 മാസത്തിനിടെ 8,547 പേരാണ് ഈ സെൻ്ററുകളുടെ കൗൺസലിങ്ങിന് വിധേയരായത്.

**ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയാക്കോട് തയ്യാറാക്കിയ റിപ്പോർട്ട്....**

(വോയ്സ്)

&&&&&&&&&&&&&&&&&

RNU TVPM

## ലക്ഷദ്വീപ് - കിസാൻ ക്രെഡിറ്റ് കാർഡ്

ലക്ഷദ്വീപ് ഫിഷറീസ് വകുപ്പിൻ്റെ മേൽനോട്ടത്തിൽ വിവിധ ബാങ്കുകളുടെ സഹകരണത്തോടെ കവരത്തി ദ്വീപിൽ കിസാൻ ക്രെഡിറ്റ് കാർഡ് വിതരണ ക്യാംപെയ്ൻ സംഘടിപ്പിച്ചു. മത്സ്യബന്ധന സഹകരണ സംഘങ്ങൾ , അനുബന്ധ മേഖലകളിൽ പ്രവർത്തിക്കുന്ന വനിതാ സ്വയം സഹായ സംഘങ്ങൾ എന്നിവയുടെ പ്രതിനിധികൾ പങ്കെടുത്തു.

&&&&&&&&&&&&&&&&&

## കോമൺ വെൽത്ത് ഗെയിംസ്

കോമൺവെൽത്ത് ഗെയിംസിൽ 17 മെഡലുകളുമായി ഇന്ത്യ മുന്നേറ്റം തുടരുന്നു. പുരുഷന്മാരുടെ ജാവലിൻ ത്രോയിൽ മെഡൽ പ്രതീക്ഷയുമായി നീരജ് ചോപ്ര ഇന്നറിങ്ങും. ഇതേ ഇനത്തിൽ രോഹിത് യാദവ്, യശ്‌വീർ സിംഗ് എന്നിവരും ഫൈനലിൽ കടന്നു. മൂന്ന് സ്വർണം,10 വെള്ളി, നാല് വെങ്കലവുമായി ഇന്ത്യ പത്താം സ്ഥാനത്താണ്.

RNU TVPM

&&&&&&&&&&&&&&&&&

## ബ്രസീൽ - ഇന്ത്യ ഫുട്ബോൾ

അഞ്ച് തവണ ലോകകപ്പ് ഫുട്ബോൾ ജേതാക്കളായ ബ്രസീൽ, ഇന്ത്യൻ ഫുട്ബോൾ ടീമുമായി സൗഹൃദ മത്സരം കളിക്കും. കൊൽക്കത്തയിലെ സോൾട്ട് ലേക്ക് സ്റ്റേഡിയത്തിൽ ഒക്ടോബർ മൂന്നിനാണ് മത്സരം.

&&&&&&&&&&&&&&&&&

## പി.കെ കുഞ്ഞാലിക്കുട്ടി

പിഎം ശ്രീയുമായി ബന്ധപ്പെട്ട് ഒരു ചർച്ചയും യുഡിഎഫിൽ ഉണ്ടായിട്ടില്ലെന്ന് മന്ത്രി പി. കെ. കുഞ്ഞാലിക്കുട്ടി. ഇക്കാര്യത്തിൽ കോൺഗ്രസിനും ലീഗിനും വെവ്വേറെ അഭിപ്രായം എന്ന വാർത്ത അടിസ്ഥാന രഹിതമാണെന്നും അദ്ദേഹം മലപ്പുറത്ത് പറഞ്ഞു. പിഎം ശ്രീയിൽ സബ് കമ്മിറ്റി റിപ്പോർട്ട് പഠിച്ച ശേഷം കോൺഗ്രസും ലീഗും അഭിപ്രായം പറയുമെന്നും ശ്രീ പി. കെ. കുഞ്ഞാലിക്കുട്ടി വ്യക്തമാക്കി.

&&&&&&&&&&&&&&&&

## ഡി.ജി.പി നിതിൻ അഗർവാൾ

ഡി.ജി.പി നിതിൻ അഗർവാൾ ഇന്ന് വിരമിക്കും. പേരൂർക്കട എസ്.എ.പി പരേഡ് ഗ്രൗണ്ടിൽ നടന്ന വിടവാങ്ങൽ പരേഡിൽ അദ്ദേഹം അഭിവാദ്യം സ്വീകരിച്ചു. അഗ്നിശമന സേനാ ഡിജിപി പദവിയിൽ നിന്നാണ് അദ്ദേഹം വിരമിക്കുന്നത്.

&&&&&&&&&&&&&&&&

## ആകാശവാണി കണ്ണൂർ

ആകാശവാണി കണ്ണൂർ നിലയവും കണ്ണൂർ ജവഹർലാൽ നെഹ്റു പബ്ലിക് ലൈബ്രറി & റിസേർച്ച് സെന്ററും ചേർന്ന് സംഘടിപ്പിക്കുന്ന എസ്. ജാനകി അനുസ്മരണ പരിപാടി ജില്ലാ കളക്ടർ പി. വിഷ്ണുരാജ് ഇന്ന് ഉദ്ഘാടനം ചെയ്യും. 'അവിടുന്നെൻ ഗാനം കേൾക്കാൻ ' എന്ന പരിപാടിയിൽ എസ്. ജാനകി പാടി അനശ്വരമാക്കിയ ഗാനങ്ങളുടെ അവതരണം ഉണ്ടാവും.

RNUTVPM

&&&&&&&&&&&&&&&&

## യോഗ സ്പോർട്സ് ചാമ്പ്യൻഷിപ്പ്

പതിനൊന്നാമത് സംസ്ഥാന യോഗ സ്പോർട്സ് ചാമ്പ്യൻഷിപ്പിന് കാസർഗോഡ് കാലിക്കടവിൽ ഇന്ന് തുടക്കമാവും. കാസർഗോഡ് ജില്ല ആദ്യമായാണ് ചാമ്പ്യൻഷിപ്പിന് ആതിഥേയത്വം വഹിക്കുന്നത്. അടുത്ത മാസം 3 വരെയാണ് ചാമ്പ്യൻഷിപ്പ്.

&&&&&&&&&&&&&&&&
&&&&&&&&&&&&&
&&&&&&&&&&&